# ദൈവത്തിൽ ആശ്രയിക്കുന്നവനെ ദൈവം മഹത്വപ്പെടുത്തും

സന്തോഷ് കരുമത്ര

**ദൈവസന്നിധിയിൽ ശരണം പ്രാപിക്കുന്നവർ ദൈവം ഉണ്ടെന്നും തന്നെ അന്വേഷിക്കുന്നവർക്ക് അവിടുന്ന് പ്രതിഫലം നൽകുമെന്നും വിശ്വസിക്കണം(ഹെബ്രാ.11:6)**

ആരെല്ലാം ദൈവത്തിൽ ആശ്രയിക്കുകയും അവന്റെ വഴികൾ തേടുകയും ചെയ്യുന്നുവോ അവരെയെല്ലാം കർത്താവ് തന്റെ മഹത്വത്താൽ നിറയ്ക്കുന്നു. തന്റെ വാക്കു കേട്ട് പുറപ്പെടുന്ന അബ്രഹാമിനോട് കർത്താവ് പറയുന്നു- ' **അബ്രഹാമേ നീ ഭയപ്പെടേണ്ട, ഞാൻ നിനക്ക് പ്രതിഫലമായിരിക്കും. നിന്റെ പ്രതിഫലം വലുതായിരിക്കും.' (ഉൽപത്തി 15: 1-2)** പുതിയ നിയമത്തിലേയ്ക്കു വരുമ്പോൾ യൂദയാ എന്ന ചെറുപട്ടണത്തിൽ മറിയം എന്ന കൊച്ചു പെൺകുട്ടി തന്റെ ജീവിതത്തെ ദൈവത്തിനു സമർപ്പിച്ചപ്പോൾ കർത്താവിന്റെ അമ്മയായി അവളെ ഉയർത്തി. പ്രവാചകന്മാർക്കും അപ്പസ്തോലന്മാർക്കും നമ്മോട് വിളിച്ചു പറയാനുള്ളത് ഈ സത്യംതന്നെയാണ്. ദൈവത്തെ അന്വേഷിക്കുന്നവർക്കും ദൈവത്തെ ആശ്രയിക്കുന്നവർക്കും അവിടുന്ന് പ്രതിഫലം നൽകും.

ഇന്നത്തെ കാലഘട്ടത്തിൽ അതിന് ഏറ്റവും വലിയ ഉദാഹരണമാണ് വിശുദ്ധ അൽഫോൻസ. ജീവിച്ചിരുന്ന കാലത്ത് അധികമാരും അവളെ അറിഞ്ഞില്ല. അവൾ താമസിച്ചിരുന്ന കോൺവെന്റിന്റെ നാലു ചുവരുകൾക്കിടയിൽ രോഗബാധിതയായി, തന്റെ വേദനകളും യാതനകളും ദൈവത്തിനു സമർപ്പിച്ച് അവൾ കഴിഞ്ഞു. അൽഫോൻസയുടെ സംസ്കാരച്ചടങ്ങിനു പോലും ആളു വളരെ കുറവായിരുന്നു. എന്നാൽ നാളുകൾക്കു ശേഷം ലോകം അൽഫോൻസയെ ആദരിക്കുന്നു.**ലോകവും അതിന്റെ മോഹങ്ങളും കടന്നു പോകുന്നു, എന്നാൽ കർത്താവിനെ ആശ്രയിക്കുന്നവൻ എന്നേയ്ക്കും നിലനിൽക്കുന്നു (യോഹ. 1 2: 17).** ഈ തിരുവചനത്തിന് ഇന്നത്തെ കാലഘട്ടത്തിൽ ലഭിച്ച ഏറ്റവും വലിയ തെളിവാണ് വിശുദ്ധ അൽഫോൻസ.

അവിടുത്തെ ഭയപ്പെടുന്നവർക്ക് ഒന്നിനും കുറവുണ്ടാകുകയില്ല. **സിംഹക്കുട്ടികൾ ഇരകിട്ടാതെ വിശന്നു വലഞ്ഞേക്കാം. കർത്താവിനെ അന്വേഷിക്കുന്നവർക്ക് ഒന്നിനും മുട്ടുണ്ടാകുകയില്ല (സങ്കീ. 34 10).**പുറപ്പാടിന്റെ പുസ്തകത്തിലേയ്ക്കു വരുമ്പോൾ വചനം കൂടുതൽ വ്യക്തമായി ഇതു പ്രഘോഷിക്കുന്നതു കാണാം (പുറപ്പാട് 17:11-12).ഇസ്രയേൽ ജനം അമലേക്യരുമായി യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നു.  മോശ ദൈവത്തിന്റെ മലയായ സീനായ് മലയിൽ കരങ്ങൾ വിരിച്ച് ദൈവത്തോട് പ്രർഥിച്ചുകൊണ്ടിരിക്കുകയാണ്. മോശയുടെ കൈ ഉയർന്നു നിന്നപ്പോഴെല്ലാം ഇസ്രയേൽ സൈന്യം വിജയിച്ചുകൊണ്ടിരുന്നു. എന്നാൽ മോശയുടെ കൈ താഴ്ന്നപ്പോഴെല്ലാം അമലേക്യർക്കായിരുന്നു ജയം. ഇസ്രയേലിന്റെ പോരാട്ട വീര്യമോ യുദ്ധ പാടവമോ ആയിരുന്നില്ല യുദ്ധത്തെ നിയന്ത്രിച്ചത്. മറിച്ച്, ദൈവത്തിന്റെ ശക്തിയായിരുന്നു.മണിക്കൂറുകൾ കഴിഞ്ഞു, മോശ തളരാൻ തുടങ്ങി. കൈകൾ കുഴഞ്ഞു. കൈ ഉയർത്തിപ്പിടിക്കാൻ കഴിയാതായി. ഇതൊക്കെ കണ്ടുകൊണ്ട് അഹറോനും ഹൂറും മോശയുടെ സമീപത്തുണ്ടായിരുന്നു. മോശ തളരാൻ പാടില്ലെന്നു മനസിലാക്കിയ അവർ അടുത്തുണ്ടായിരുന്ന വലിയ പാറ ഉരുട്ടി മോശയ്ക്കു സമീപം കൊണ്ടുവന്നു. മോശയെ അതിൽ ഇരുത്തി. എന്നിട്ട് ഇരുവശവും നിന്ന് അഹറോനും ഹൂറും മോശയുടെ കരങ്ങൾ താങ്ങിപ്പിടിച്ചു.ദൈവം ഈ പ്രവർത്തികൾ കാണുന്നുണ്ടായിരുന്നു. ദൈവജനത്തിന്റെ വിജയത്തിനുവേണ്ടി ദൈവത്തിൽ ആശ്രയിച്ച് അഹറോനും ഹൂറും മോശയെ ബലപ്പെടുത്തുന്നതു കണ്ടപ്പോൾ ദൈവം സന്തോഷിച്ചു.

കർത്താവിന്റെ പ്രവാചകനായ മോശയെ ശുശ്രൂഷിക്കുകയാണ് അഹറോനും ഹൂറും ചെയ്തത്. അഹറോന്റെയും ഹൂറിന്റെയും ശുശ്രൂഷ ദൈവം വളരെ പ്രധാന്യത്തോടെയാണ് കണ്ടത്. ദൈവം അവരിൽ സംപ്രീതനായി. അഹറോനും അവന്റെ തലമുറകൾക്കും ദൈവം പ്രതിഫലം നൽകുന്നു. ഇസ്രയേൽ ജനത്തിനു പൗരോഹിത്യ ശുശ്രൂഷ ചെയ്യാനുള്ള അധികാരം കർത്താവ് അഹറോനും അവന്റെ തലമുറയ്ക്കും നൽകി. ഹൂറിനെയും ദൈവം അനുഗ്രഹിച്ചു. പുറപ്പാടിന്റെ പുസ്തകത്തിൽ കാണുന്നതുപോലെ സമാഗമ കൂടാരത്തിന്റെ നിർമിതിക്കായി തിരഞ്ഞെടുത്തത് ഹൂറിന്റെ കൊച്ചുമകൻ ബസാലിയേലിനെയാണ്. **യൂദാ ഗോത്രത്തിൽപെട്ട ഹൂറിന്റെ പുത്രനായ ഊറിന്റെ മകൻ ബസാലിയേലിനെ ഞാൻ പ്രത്യേകം തിരഞ്ഞെടുത്തിരിക്കുന്നു. ഞാൻ അവനിൽ ദൈവീക ചൈതന്യം നിറച്ചിരിക്കുന്നു. സാമർഥ്യവും ബുദ്ധിശക്തിയും വിജ്ഞാനവും എല്ലാവിധ ശിൽപവേലകളിലുമുള്ള സാമർഥ്യവും അവനു ഞാൻ നൽകിയിരിക്കുന്നു(പുറ. 31:1).**

ഈ കാലയളവിലും നമ്മുടെ ജീവിതങ്ങളിലേയ്ക്ക് നോക്കി പരിശുദ്ധാത്മാവ് ഇതു തന്നെയാണ് പറയുന്നത്. ദൈവ മഹത്വത്തിനായി നമ്മൾ ചെയ്യുന്നതൊന്നും പാഴായി പോകുന്നില്ല. ദൈവത്തെ ആശ്രയിച്ചുള്ള ജീവിതമാണ് നമ്മളുടേതെങ്കിൽ അവൻ തന്റെ മഹത്വത്തിന്റെ സമ്പന്നതയിൽനിന്ന് നമുക്ക് ആവശ്യമായതെല്ലാം നൽകുകതന്നെ ചെയ്യും. അഹറോനെയും ഹൂറിനെയും പോലെ കർത്താവിന്റെ ശുശ്രൂഷകളെ പ്രോൽസാഹിപ്പിക്കുകയും മാനിക്കുകയും ചെയ്യുന്ന വ്യക്തികളായി നമുക്കു മാറാം.പ്രവാചകനെ പ്രവാചകനായി സ്വീകരിക്കുന്നവന് പ്രവാചകന്റെ പ്രതിഫലം ലഭിക്കും.  നീതിമാനെ നീതിമാനായി സ്വീകരിക്കുന്നവന് നീതിമാന്റെ പ്രതിഫലവും ലഭിക്കുന്നു. **ഈ ചെറിയവരിൽ ഒരുവന്, ശിഷ്യൻ എന്ന നിലയിൽ ഒരു പാത്രം വെള്ളമെങ്കിലും കൊടുക്കുന്നവന് പ്രതിഫലം ലഭിക്കാതിരിക്കില്ലെന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു (മത്താ. 10: 41)**